# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം - 107** **25.04.2017-ൽ മറുപടിയ്ക്ക്**

**വിദേശത്ത് തടവുശിക്ഷ അനുഭവിക്കുന്ന സാന്ദീപ് സഹജന് വിടുതൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| ജിദ്ദയിലെ ബിഷ ജയിലിൽ ശിക്ഷ അനുഭവിക്കുന്ന എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ തോപ്പിൽ വീട്ടിൽ സഹജൻ മകൻ സാന്ദീപ് സഹജന് വിടുതൽ ലഭിക്കുന്നതിനായി നോർക്ക വഴി (2015 ൽ 4977/A3/ 2015/NORKA ,2017 ൽ 219/A3/2017/NORKA) സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | ഇക്കാര്യത്തിൽ സർക്കാരിൽ ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 08.10.2015-ൽ 4977/എ 3/2015/നോർക്ക-നമ്പർ പ്രകാരം ജിദ്ദയിലുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിന് കത്തയക്കുകയും, ആയതിന്റെ പകർപ്പ് പരാതിക്കാരന് നൽകുകയും ചെയ്തു.<br>15.03.2017-ൽ ബഹു.കേരള നിയസഭാ സാമാജികൻ ശ്രീ.ജോൺ ഫെർണാണ്ടസ് വഴി ലഭിച്ച ശ്രീ.സഹജന്റെ നിവേദനം പരിഗണിച്ച് സർക്കാർ 18.03.2017-ൽ വീണ്ടും 219/എ 3/2017/നോർക്ക-നമ്പർ പ്രകാരം പ്രസ്തുത വിഷയം സംബന്ധിച്ച് ജിദ്ദയിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിനും, കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും കത്തയക്കുകയും, വിവരം പരാതിക്കാരനേയും, ബഹു.നിയമസഭാ സാമാജികനേയും രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു.<br>20.02.2017-ൽ കേരള പ്രവാസി സംഘം സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് ശ്രീ.ടി.പി.ആന്റണി ഇക്കാര്യത്തിൽ സമർപ്പിച്ച നിവേദനത്തിന്മേൽ വീണ്ടും 17.04.2017-ൽ 300/എ 3/2017/നോർക്ക-നമ്പർ പ്രകാരം ജിദ്ദയിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിനും, കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും സർക്കാർ കത്തയക്കുകയും, |

വിവരം പരാതിക്കാരനെ രേഖാമൂലം
അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ കത്തുകളുടെ വെളിച്ചത്തിൽ ജിദ്ദയിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിൽ നിന്നും 20.04.2017-ൽ സർക്കാരിന് ലഭിച്ച വിവരമനുസരിച്ച് ശ്രീ.സന്ദീപ് സഹജനെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ജിദ്ദയിലെ കോടതി ശിക്ഷിച്ചതിന്റെ വെളിച്ചത്തിൽ ഇപ്പോൾ ബിഷ ജയിലിൽ തടവുശിക്ഷ അനുഭവിക്കുകയാണെന്നും, 60,000 സൗദി റിയാൽ കെട്ടി വച്ചാൽ മാത്രമേ ശ്രീ.സന്ദീപിനെ മോചിപ്പിക്കാൻ കഴിയുകയുള്ളുവെന്ന് സ്പോൺസർ അറിയിച്ചിട്ടുള്ളതായും കാണുന്നു. ഈ വിവരം 19.04.2017-ൽ ശ്രീ.സഹജനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ